# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ആഗസ്റ്റ് 04 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**പാർട്ട് - 1**

## വെള്ളപ്പൊക്ക മുന്നൊരുക്കം: കാട്ടകാമ്പാലിൽ രണ്ട് കുടുംബങ്ങളെ മാറ്റിത്താമസിപ്പിച്ചു

കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ വെള്ളപ്പൊക്ക സാധ്യത മുന്നിൽക്കണ്ട് ഒന്നാം വാർഡിലെ പാപ്പിരുത്തി പ്രദേശത്തുനിന്ന് രണ്ട് കുടുംബങ്ങളെ ബന്ധുവീടുകളിലേക്ക് മാറ്റിത്താമസിപ്പിച്ചു. മഴ കനത്താൽ ആദ്യം വെള്ളം കയറുന്ന വീടുകളാണിവ. കാട്ടകാമ്പാൽ ഇ.എം.എൽ.പി. സ്കൂൾ, പെങ്ങാമുക്ക് ഹൈസ്കൂൾ, പഴഞ്ഞി എം.ഡി. കോളേജ് തുടങ്ങിയവയിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചതായി പഞ്ചായത്ത് പ്രസിഡന്റ് സി.കെ. സദാനന്ദൻ അറിയിച്ചു. പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എം.എസ്. സുരേഖ, വാർഡ് അംഗങ്ങളായ ടി.എസ്. മണികണ്ഠൻ, പ്രഭിത വിശ്വൻ, പി.ജി. അർജുനൻ തുടങ്ങിയവർ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശങ്ങൾ സന്ദർശിച്ചു. പാപ്പിരുത്തി, സ്രായിൽ, അരുവായി ദേവി നഗർ തുടങ്ങിയ പ്രദേശങ്ങളിലും പഞ്ചായത്ത് അധികൃതർ സന്ദർശനം നടത്തി.

## ലൈഫ് മിഷൻ: എറിയാട് പഞ്ചായത്തിൽ ഹെൽപ്പ് ഡെസ്ക്

സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ എറിയാട് പഞ്ചായത്ത് ഹെൽത്ത് ക്ലബ് പ്രവർത്തനം ആരംഭിച്ചു. പേബസാർ മദ്രസ ഹാളിൽ രാവിലെ 10 മുതൽ വൈകിട്ട് നാലുവരെയാണ് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നത്. രജിസ്റ്റർ ചെയ്യാൻ വരുന്നവർ രേഖകൾ പൂർണമായും കൊണ്ടു വരണം. ഭൂമിയുള്ള ഭവനരഹിതർ എന്ന നിലയിൽ അപേക്ഷിക്കുന്നവർ റേഷൻ കാർഡ്, ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ കോപ്പികൾ കരുതണം. മുൻഗണന മാനദണ്ഡമനുസരിച്ചുള്ള അംഗവൈകല്യം, ഭിന്നശേഷി, വിധവ, മാരകമായ അസുഖമുള്ളവർ അത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും കൈയിൽ കരുതണം. ഭൂമിയില്ലാത്തവർക്കയുള്ള അപേക്ഷ സമർപ്പിക്കുന്നവർ റേഷൻ കാർഡ്, ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ രേഖകളോടൊപ്പം റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളുടെ പേരിൽ ഭൂമി ഇല്ലെന്ന വില്ലജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രവും ഗുണഭോക്താവിന്റെ സാക്ഷ്യപത്രവും നൽകണം. അപേക്ഷകർ രേഖകളോടൊപ്പം സ്വന്തം ഫോണും നിർബന്ധമായും കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ :8891234469.

***ഫോട്ടോ അടിക്കുറിപ്പ്: എറിയാട് പഞ്ചായത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ഹെൽപ്പ് ഡെസ്ക്***

# വ്യവസായ മേഖലയുമായി ചേർന്ന്
# നൂതന കോഴ്സുകൾ നടപ്പാക്കാൻ വി എച്ച് എസ് ഇ

വ്യവസായ മേഖലയുമായി ചേർന്ന് ക്ലാസ്സ് റൂം പഠനത്തോടൊപ്പം തൊഴിലിടങ്ങളിൽ വിദഗ്ദ്ധ പരിശീലനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നൂതന കോഴ്സുകളുമായി വി എച്ച് എസ് ഇ. നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (എൻ എസ്ക്യൂ എഫ്) പാഠ്യപദ്ധതിയുടെ ഭാഗമായി ഈ കോഴ്സുകളിൽ പ്രധാനമായും നാലു കോമ്പിനേഷനുകളിലായാണ് പ്രവേശനം. ഫിസിക്സ്- കെമിസ്ട്രി- മാത്തമാറ്റിക്സ് കോമ്പിനേഷൻ, ഫിസിക്സ്- കെമിസ്ട്രി- ബയോളജി കോമ്പിനേഷൻ, ഹുമാനിറ്റീസ്, കോമേഴ്സ് എന്നീ കൊമ്പിനേഷനുകളിലായി പഠനത്തോടൊപ്പം തൊഴിൽ പ്രാവീണ്യം നേടാനും ദേശീയ നിലവാരത്തിലുള്ള സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കാനും വിദ്യാർത്ഥികളെ സഹായിക്കും.

ഫിസിക്സ്- കെമിസ്ട്രി- മാത്തമാറ്റിക്സ് കോമ്പിനേഷനിൽ എഞ്ചിനീയറിംഗ് ടെക്നോളജി അനുബന്ധ വൊക്കേഷണൽ വിഷയങ്ങളായ അസിസ്റ്റന്റ് ഓഫ്സെറ്റ് പ്രിന്റിംഗ് ഓപ്പറേറ്റർ, ഓട്ടോ സർവീസ് ടെക്നീഷ്യൻ, ഒപ്ടിക്കൽ ഫൈബർ ടെക്നീഷ്യൻ, ജൂനിയർ സോഫ്ട്വെയർ ഡവലപ്പർ, സോളാർ ഏന്റ് എൽ ഇ ഡി ടെക്നീഷ്യൻ തുടങ്ങി 17 കോഴ്സുകളാണ് നിലവിലുള്ളത്.

ഫിസിക്സ്, കെമിസ്ട്രി, ബയോളജി കോമ്പിനേഷനിൽ അസിസ്റ്റന്റ് ഫാഷൻ ഡിസൈനർ, അസിസ്റ്റന്റ് ഫിസിയോതെറാപ്പിസ്റ്റ്, ഡെന്റൽ അസിസ്റ്റന്റ്, ഡയറ്റ് അസിസ്റ്റന്റ്, ഫിറ്റ്നസ് ട്രെയിനർ, ഫ്ളോറി കൾച്ചറിസ്റ്റ്, മെഡിക്കൽ എക്വിപ്പ്മെന്റ് ടെക്നീഷ്യൻ, ഓർണമെന്റൽ ഫിഷ് ടെക്നീഷ്യൻ, ബ്യൂട്ടി തെറാപ്പിസ്റ്റ് തുടങ്ങി 23 നൂതന കോഴ്സുകളിൽ നിന്നും കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തെരഞ്ഞെടുക്കാവുന്നതാണ്. മാത്രമല്ല, ഈ കുട്ടികൾക്ക് ഗണിതം അധിക വിഷയമായെടുത്ത് പഠിക്കാൻ സാധിക്കുന്നതുമൂലം മെഡിക്കൽ, അഗ്രിക്കൾച്ചറൽ എന്നിവയോടൊപ്പം എൻജിനീയറിംഗ് പ്രവേശന പരീക്ഷ കൂടി എഴുതാൻ സാധിക്കും.

ഹുമാനിറ്റീസ് വിഭാഗത്തിൽ ഇക്കണോമിക്സ്, ജോഗ്രഫി, ഹിസ്റ്ററി എന്നീ വിഷയങ്ങളോടൊപ്പം ടൂർ ഗൈഡ് എന്ന കോഴ്സാണ് നിലവിലുള്ളത്. കോമേഴ്സ് വിഭാഗത്തിൽ അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ് മാനേജ്മെന്റ് എന്നീ വിഷയങ്ങളോടൊപ്പം ബിസിനസ് കറസ്പോൺഡന്റ്, ഓഫീസ് ഓപ്പറേഷൻസ് എക്സിക്യൂട്ടീവ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻ അക്കൗണ്ടിങ്ങ് മുതലായ അഞ്ച് കോഴ്സുകളിലാണ് പ്രവേശനം നൽകുന്നത്.

പഠനത്തിന്റെ ഭാഗമായി ഇൻഡസ്ട്രിയൽ വിസിറ്റുകളും ഫീൽഡ് വിസിറ്റുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടുതൽ തൊഴിൽ വൈദഗ്ദ്ധ്യം ആർജിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ അപ്രന്റീസ് പരിശീലനവും ലഭ്യമാക്കുന്നു. വിജയിക്കുന്ന കുട്ടികൾക്ക് തൊഴിൽ മേളയിലൂടെ മികച്ച തൊഴിൽ ലഭ്യതയ്ക്കുള്ള അവസരങ്ങളും സൃഷ്ടിക്കും. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാന തലത്തിലും സ്കൂൾ തലത്തിലും കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്.

പ്രവേശന നടപടികൾ പൂർണ്ണമായും ഓൺലൈനിലൂടെയാണ് നടത്തുന്നത്. www.vhscap.kerala.gov.in എന്ന വെബ് സൈറ്റിലൂടെ അപേക്ഷകൾ സമർപ്പിക്കാം. വിദ്യാർത്ഥികളെ സഹായിക്കാനായി എല്ലാ വിദ്യാലയങ്ങളിലും ഹെൽപ്പ് ഡെസ്ക്കുകൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് വി എച്ച് എസ് ഇ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ലീന രവിദാസ് അറിയിച്ചു. ഫോൺ - 9497304240, 9539838080, 9446721601.

## ടെണ്ടർ

ജില്ലാ വനിതാ ശിശുവികസന ഓഫീസിലെ ഔദ്യോഗികാവശ്യത്തിനായി ഇലക്ട്രിക്ക് കാർ 2020-21 സാമ്പത്തിക വർഷത്തേക്ക് ലഭ്യമാക്കാൻ ടെണ്ടർ ക്ഷണിച്ചു. ഫോൺ: 0487 2361500.

# കനത്ത മഴ : കാറ്റിലും പേമാരിയിലും
# ജില്ലയിൽ വ്യാപക നഷ്ടം

ജില്ലയിൽ തിങ്കളാഴ്ച രാത്രി വീശിയടിച്ച ചുഴലിക്കാറ്റിലും മഴയിലും പലയിടത്തും വ്യാപക നാശനഷ്ടം. തിങ്കളാഴ്ച രാത്രി ഏഴുമണിയോടെ ശക്തിപ്രാപിച്ച കാറ്റിൽ നിരവധി വീടുകൾ തകർന്നു. പലയിടത്തും വൈദ്യുതി ഭാഗികമായി തകരാറിലായി. നഷ്ടം എത്രയെന്ന്

കണക്കാക്കിയിട്ടില്ല. ചാലക്കുടി താലൂക്കിലാണ് ഏറ്റവുമധികം നാശനഷ്ടം സംഭവിച്ചത്. ചാലക്കുടി താലൂക്കിൽ മറ്റത്തൂർ വില്ലേജിൽ നാടിപ്പാറ ഭാഗത്ത് ആറ് വീടുകൾ തകർന്നു. കൈമാ പറമ്പിൽ സുനിൽ, പയ്യാക്ക കാളി, ചീറ്റതാട്ടിൽ തങ്കപ്പൻ, നന്തിപുലം ജിനേഷ്, ചുക്കിരി കൃഷ്ണൻ, തായേരി ദിനേശൻ എന്നിവരുടെ വീടുകളാണ് തകർന്നത്.

തലപ്പിള്ളി താലൂക്കിൽ എങ്കക്കാട് വില്ലേജിൽ കല്ലൻകുണ്ട് ഏറ്റിങ്കര സിദ്ദിഖിന്റെ വീടിന്റെ മുൻഭാഗത്തെ ട്രസ്സ് വർക്കിന് മുകളിൽ തെങ്ങ് വീണ് 10,000 രൂപയുടെ നഷ്ടമുണ്ടായി. മുകുന്ദപുരം താലൂക്കിൽ കാരുമാത്ര വില്ലേജിൽ സുൽഫിക്കറിന്റെ വീടിന് മുകളിൽ മണ്ണ് വീണ് ഭാഗികമായി നാശനഷ്ടം സംഭവിച്ചു. കുടുംബത്തെ ബന്ധു വീട്ടിലേക്ക് മാറ്റി താമസിപ്പിച്ചു.

തൃശൂർ താലൂക്കിൽ ചാഴൂർ വില്ലേജിൽ മരയ്ക്കാർ വീട്ടിൽ ഷീന അമീറിന്റെ വീടിന് മുകളിൽ തെങ്ങ് വീണ് ഭാഗികമായി നാശനഷ്ടം സംഭവിച്ചു. കൊടുങ്ങല്ലൂർ താലൂക്കിൽ കനത്ത കാറ്റിലും മഴയിലും ചെന്ത്രാപ്പിന്നി ഹൈസ്ക്കൂളിന് പടിഞ്ഞാറ് അഴിപറമ്പിൽ കൗസല്യയുടെ ഓടിട്ട വീട് ഭാഗികമായി തകർന്നു. കനത്ത കാറ്റിൽ വീട്ടുപറമ്പിലെ പഞ്ഞിമരം കടപുഴകി വീടിന് മുകളിൽ വീഴുകയായിരുന്നു. സംഭവ സമയം വീടിനകത്ത് ആളുണ്ടായിരുന്നെങ്കിലും പരിക്കേൽക്കാതെ രക്ഷപ്പെട്ടു. പഞ്ചായത്ത്, വില്ലേജ് അധികൃതർ സ്ഥലം സന്ദർശിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കനത്ത മഴയെ തുടർന്ന് കാറ്റിലും പേമാരിയിലും ജില്ലയിലുണ്ടായ നാശനഷ്ടങ്ങൾ***

## കോവിഡ് 19: വാടാനപ്പള്ളിയിൽ സമ്പർക്ക പട്ടികയിലെ എല്ലാവരും നെഗറ്റീവ്

വാടാനപ്പള്ളിയിൽ കോവിഡ് ബാധിതരായ രണ്ടു പേരുടെ സമ്പർക്കപ്പട്ടികയിലെ എല്ലാവരും നെഗറ്റീവ്. ജൂലൈ 30ന് കോവിഡ് സ്ഥിരീകരിച്ച വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ റൈറ്റർ, തൃശൂർ ശക്തനിൽ ജ്യൂസ് സ്റ്റാൾ നടത്തുന്ന വാടാനപ്പള്ളി സ്വദേശി എന്നിവരുടെ പ്രാഥമിക സമ്പർക്ക പട്ടികയിലുള്ളവരുടെ പരിശോധനാ ഫലമാണ് നെഗറ്റീവായത്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായ വാടാനപ്പള്ളി കരുണ ആശുപത്രി കെട്ടിടത്തിൽ നടത്തിൽ ആന്റിജൻ പരിശോധനയിലാണ് ഫലം അറിഞ്ഞത്. ജൂലൈ 28നാണ് പോലീസുകാരൻ അവസാനമായി സ്റ്റേഷനിൽ ഡ്യൂട്ടിക്ക് ഹാജരായത്. തുടർന്ന് പനി ബാധിച്ച് ചികിത്സ തേടുകയും അവധിയിൽ പോവുകയുമായിരുന്നു. വാടാനപ്പള്ളി ഹെൽത്ത് ഇൻസ്പെക്ടർ ഗോപകുമാർ പരിശോധനയ്ക്ക് നേതൃത്വം നൽകി.

## ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾ രേഖകൾ ഹാജരാക്കണം

ഭാഗ്യക്കുറി ക്ഷേമനിധിയിലെ അംഗങ്ങൾ ആഗസ്റ്റ് ഏഴിനുള്ളിൽ രേഖകൾ ഓഫീസിൽ ഹാജരാക്കണമെന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ അറിയിച്ചു. ക്ഷേമനിധിയിൽ 2015 ഏപ്രിൽ മാസം മുതൽ മാസങ്ങളിൽ അംശദായ അടവ് മുടങ്ങിയതുമൂലം അംഗത്വം റദ്ദാവുകയും തുടർന്ന് ജൂലൈ 10 നുള്ളിൽ അംഗത്വം പുനഃസ്ഥാപിച്ചവരുമാണ് രേഖകൾ ഹാജരാക്കേണ്ടത്. അംഗങ്ങളുടെ ക്ഷേമനിധി പാസ്ബുക്കിന്റെ അംഗത്വ നമ്പർ രേഖപ്പെടുത്തിയ പേജിന്റെ കോപ്പി ( കോപ്പിയിൽ പഞ്ചായത്ത്, ഫോൺ നമ്പർ, ഒപ്പ്, എന്നിവ രേഖപ്പെടുത്തണം), ബാങ്ക് അക്കൗണ്ട് നമ്പർ, ഐഎഫ്എസ്സി, ബ്രാഞ്ച്, അഡ്രസ്സ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ കോപ്പി, ഫോട്ടോ എന്നിവ ഹാജരാക്കണം. ഫോൺ: 0487 2360490.

## സ്ത്രീകൾക്ക് കുറഞ്ഞനിരക്കിൽ താമസസൗകര്യം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തൃശൂർ പുല്ലഴി വനിത ഹോസ്റ്റലിൽ കുറഞ്ഞ നിരക്കിൽ താമസ സൗകര്യം ലഭ്യമാക്കുന്നു. അയ്യന്തോൾ കളക്ടറേറ്റിൽ നിന്ന് ഒന്നര കിലോമീറ്റർ അരികെ പുല്ലഴി ബസ് സ്റ്റോപ്പിന് സമീപമാണ് ഭക്ഷണത്തോട് കൂടിയ താമസ സൗകര്യം. ഉദ്യോഗസ്ഥ വനിതകൾ, വിദ്യാർത്ഥിനികൾ എന്നിവർക്ക് 9961350078, 0487 2361078, 2360849 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

# ഇരിങ്ങാലക്കുടയിൽ റോഡ് പുനരുദ്ധാരണത്തിന് 1.23 കോടിയുടെ അനുമതി

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ നിന്നും ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ ഏഴ് റോഡുകളുടെ പുനരുദ്ധാരണത്തിനായി 1,23,00,000 രൂപയുടെ ഭരണാനുമതി ലഭിച്ചതായി പ്രൊഫ. കെ. യു. അരുണൻ എം.എൽ.എ അറിയിച്ചു. പൂമംഗലം ഗ്രാമ പഞ്ചായത്തിലെ കുട്ടിപ്പാലം റോഡ്, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ നമ്പ്യാങ്കാവ് കുഴിക്കാട്ടുകോണം റോഡ് എന്നിവയ്ക്ക് 25 ലക്ഷം വീതവും കാട്ടൂർ ഗ്രാമപഞ്ചായത്തിലെ കാട്ടൂർ ഹൈസ്കൂൾ വലക്കഴ ലിങ്ക് റോഡ് മുരിയാട് ഗ്രാമപഞ്ചായത്തിലെ ആനന്ദപുരം കപ്പേള കൊശറപ്പാലം റോഡ് എന്നിവയ്ക്ക് 18 ലക്ഷം വീതവും പുത്തൻതോട് തെക്കേ ബണ്ട് റോഡിന് 15 ലക്ഷം, ആളൂർ ഗ്രാമ പഞ്ചായത്തിലെ വലതുകര കനാൽ ബണ്ട് റോഡ് 12 ലക്ഷം, അഞ്ചലങ്ങാടി പാലസ് റോഡ് 10 ലക്ഷം എന്നിങ്ങനെയുമാണ് ഭരണാനുമതി ലഭിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടത്തുമെന്നും എത്രയും വേഗത്തിൽ പണികൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എം. എൽ. എ അറിയിച്ചു.

# സുഭിക്ഷകേരളം ഫലസമൃദ്ധി ഉദ്ഘാടനം ചെയ്തു

കോവിഡാനന്തര കാലത്തെ അതിജീവിക്കുന്നതിന് സർക്കാർ തുടക്കം കുറിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തൃശൂർ ജില്ലാ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഫലസമൃദ്ധി പരിപാടി സംഘടിപ്പിച്ചു. ജില്ലാതല ഉദ്ഘാടനം തൃശൂർ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് കൂടിയായ മുരളി പെരുനെല്ലി എംഎൽഎ നിർവ്വഹിച്ചു. ജില്ലാ സെക്രട്ടറി വി കെ ഹാരിഫാബി അദ്ധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർ പി ഐ സതി വിശിഷ്ടാതിഥിയായിരുന്നു. വൈസ് പ്രസിഡന്റ് കെ എൻ ഭരതൻ, തൃശൂർ താലൂക്ക് സെക്രട്ടറി കെ രാമചന്ദ്രൻ, രാജൻ എലവത്തൂർ എന്നിവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ് : തൃശൂർ ജില്ലാ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ സുഭിക്ഷ കേരളം ഫലസമൃദ്ധി പരിപാടിയുടെ ഉദ്ഘാടനം മുരളി പെരുനെല്ലി എംഎൽഎ നിർവ്വഹിക്കുന്നു***

# കാടുകുറ്റി പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം കവാടം തുറന്നു

കാടുകുറ്റി പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം പുതിയ കവാടത്തിന്റെ ഉദ്ഘാടനം നടന്നു. ഡോ. എ പി ജെ അബ്ദുൽ കലാം ഇൻഡോർ സ്റ്റേഡിയം കവാടത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് തോമസ് ഐ കണ്ണത്ത് നിർവഹിച്ചു. പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും രണ്ടുലക്ഷം രൂപ ചിലവഴിച്ചാണ് ഇൻഡോർ സ്റ്റേഡിയത്തിന് പുതിയ കവാടം നിർമ്മിച്ചത്. 60 സെന്റ് സ്ഥലത്ത് ഒരു കോടി നിർമ്മാണച്ചിലവിൽ 2010-15 ഭരണസമിതിയുടെ കാലത്താണ് സ്റ്റേഡിയം പണിപൂർത്തീകരിച്ചത്. ഏഴാം വാർഡ് ആറങ്ങാലിയിലാണ് സ്റ്റേഡിയം. വൈസ് പ്രസിഡന്റ് മോളി തോമസ്, സ്ഥിരംസമിതി അംഗങ്ങളായ എം ആർ ഡേവിസ്, എം ഐ പൗലോസ്, മെമ്പർമാരായ ജിനി ആന്റണി, കെ കെ വിനയൻ, എ ഡി എസ് ചെയർപേഴ്സൺ ജോയ്സി ആന്റോ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് : കാടുകുറ്റി പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം കവാടത്തിന്റെ ഉദ്ഘാടനം പ്രസിഡന്റ് തോമസ് ഐ കണ്ണത്ത് നിർവ്വഹിക്കുന്നു***

# പുന്നയൂർക്കുളത്ത് വയോജനങ്ങൾക്കുള്ള കട്ടിൽ വിതരണം പൂർത്തിയായി

പുന്നയൂർക്കുളം പഞ്ചായത്തിലെ വയോജനങ്ങൾക്കുള്ള കട്ടിൽ വിതരണം പൂർത്തിയായി. കോവിഡ് പശ്ചാത്തലത്തിൽ മൂന്ന് ഘട്ടങ്ങളിലായാണ് വിതരണം നടത്തിയത്. അണ്ടത്തോട്

കമ്മ്യൂണിറ്റി ഹാളിൽ പുന്നയൂർക്കുളം പഞ്ചായത്ത് പ്രസിഡന്റ് എ. ഡി ധനീപാണ് വിതരണം നടത്തിയത്.

***ഫോട്ടോ അടിക്കുറിപ്പ്: പുന്നയൂർക്കുളം പഞ്ചായത്തിലെ വയോജനങ്ങൾക്കുള്ള കട്ടിൽ വിതരണം പഞ്ചായത്ത് പ്രസിഡന്റ് എ. ഡി ധനീപ് നിർവഹിക്കുന്നു***

## കോവിഡ് 19: ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് തുക കൈമാറി

ചിന്മയ സേവാ ട്രസ്റ്റ് കോവിഡ് - 19 ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് 60,000 രൂപ കൈമാറി. ആഗസ്റ്റ് മൂന്നിന് നടന്ന ചിന്മയാനന്ദ സ്വാമിയുടെ സമാധി ദിനത്തോടനുബന്ധിച്ച് സ്വരൂപിച്ച സേവന ഫണ്ടാണ് കൈമാറിയത്. ട്രഷറി ടി.എം. രഘുനന്ദനൻ, സെക്രട്ടറി ശശീധരൻ മേനോൻ എന്നിവർ ജില്ലാ കളക്ടർ എസ് ഷാനവാസിന് കളക്ടറുടെ ചേമ്പറിൽ വെച്ച് തുക കൈമാറി.

***ഫോട്ടോ അടിക്കുറിപ്പ്: സിഎഫ്എൽടിസിയുടെ പ്രവർത്തനത്തിനായി 60000 രൂപ ചിന്മയ സേവാ ട്രസ്റ്റ് പ്രതിനിധി ജില്ലാ കളക്ടർ എസ് ഷാനവാസിന് കൈമാറുന്നു***

# തുടരും